श्रीशङ्कराचार्यसंस्कृतसर्वकलाशाला,कालटी

**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി**

**അക്കാദമിക് സി വിഭാഗം**

01746 / ACDC2 / SSUS / 2024 (2) തീയതി,കാലടി,18-05-2024

## വിജ്ഞാപനം

**വിഷയം: 2024-25അധ്യയനവർഷത്തെ നാല് വർഷ (FYUGP) ബിരുദ/ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം.**

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ കാലടി മുഖ്യ ക്യാമ്പസ്സിലും വിവിധ പ്രാദേശിക ക്യാമ്പുസ്സുകളിലും 2024-25 അധ്യയന വർഷത്തിലേക്ക് നാല് വർഷ (FYUGP) ബിരുദപ്രോഗ്രാമുകളിലേക്ക് യോഗ്യരായ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

ബിരുദ പ്രോഗ്രാമുകളായ സംസ്കൃതം-സാഹിത്യം, സംസ്കൃതം-വേദാന്തം, സംസ്കൃതം-വ്യാകരണം, സംസ്കൃതം-ന്യായം, സംസ്കൃതം-ജനറൽ, സംഗീതം , ഡാൻസ് - ഭരതനാട്യം, ഡാൻസ് - മോഹിനിയാട്ടം, ഇംഗ്ലീഷ്, മലയാളം, ഹിന്ദി, ഹിസ്റ്ററി, ഫിലോസഫി , സോഷ്യൽ വർക്ക് (BSW) എന്നിവ FYUGP സമ്പ്രദായത്തിലായിരിക്കും നടത്തപ്പെടുക. മേൽ വിഷയങ്ങളിലും അറബിക്ക്, ഉറുദു എന്നിവകളിലും മൈനർ പ്രോഗ്രാമുകളും വിദ്യാർത്ഥികൾക്ക് തിരഞ്ഞെടുക്കാവുന്നതാണ്. FYUGP സമ്പ്രദായത്തിൽ പ്രോഗ്രാം പൂർത്തിയാക്കുവാൻ വിദ്യാർത്ഥികൾക്ക് ചുവടെ വിവരിക്കും പ്രകാരം 3 ഓപ്ഷനുകൾ ലഭ്യമാണ്:

1. **മൂന്ന് വർഷ ബിരുദം (3 Year BA ) :** പ്രവേശനം നേടി മൂന്നാം വർഷം പ്രോഗ്രാം പൂർത്തിയാക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് എക്സിറ്റ് ഓപ്ഷൻ ഉപയോഗപ്പെടുത്തി പഠനം പൂർത്തിയാക്കാവുന്നതാണ്. പ്രസ്തുത വിദ്യാർത്ഥികൾക്ക് തന്റെ മേജർ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ 3 വർഷ ബിരുദം ലഭിക്കുന്നതാണ്.
2. **നാല് വർഷ ബിരുദം (ഓണേഴ്സ്) 4 Year BA (Honours):** നാല് വർഷം വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ഓണേഴ്സ് ബിരുദം ലഭിക്കുന്നതാണ്.
3. **നാല് വർഷ ബിരുദം(ഓണേഴ്സ് വിത്ത് റിസർച്ച് ) 4 Year BA (Honours with Research):** നാലാം വർഷം നിശ്ചിത ക്രെഡിറ്റോട് കൂടി ഗവേഷണ പ്രോജക്റ്റ് വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദം ലഭിക്കുന്നതാണ്.

മുഖ്യ ക്യാമ്പസ്സായ കാലടിയിൽ സംസ്കൃതം-സാഹിത്യം, സംസ്കൃതം-വേദാന്തം, സംസ്കൃതം-വ്യാകരണം, സംസ്കൃതം-ന്യായം, സംസ്കൃതം-ജനറൽ, ഇംഗ്ലീഷ്, മലയാളം, ഹിന്ദി, ഹിസ്റ്ററി, ഫിലോസഫി, സോഷ്യൽ വർക്ക് (BSW) , സംഗീതം, ഡാൻസ് - ഭരതനാട്യം, ഡാൻസ് - മോഹിനിയാട്ടം എന്നീ വിഭാഗങ്ങളിൽ നാലുവർഷ ബിരുദ പ്രോഗ്രാമുകളിലേക്ക് പ്രവേശനം നൽകുന്നു. സർവകലാശാലയുടെ തിരുവനന്തപുരം (സംസ്കൃതം ന്യായം, ഫിലോസഫി), പന്മന (സംസ്കൃതം വേദാന്തം, മലയാളം), കൊയിലാണ്ടി (സംസ്കൃതം വേദാന്തം, ജനറൽ, ഹിന്ദി), തിരൂർ (സംസ്കൃതം വ്യാകരണം, ഹിസ്റ്ററി, സോഷ്യൽ വർക്ക്(BSW)), പയ്യന്നൂർ (സംസ്കൃതം സാഹിത്യം, മലയാളം, സോഷ്യൽ വർക്ക് (BSW)) ഏറ്റുമാനൂർ (സംസ്കൃതം സാഹിത്യം, ഹിന്ദി) എന്നീ പ്രാദേശിക ക്യാമ്പുസ്സുകളിൽ ബിരുദ വിഷയങ്ങളിൽ പ്രവേശനം നടത്തുന്നതാണ്. മേൽ സംസ്കൃത വിഷയങ്ങളിൽ ബിരുദ

പഠനത്തിന് (മേജർ) പ്രവേശനം നേടുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും പ്രതിമാസം 500/- രൂപ വീതം സ്കോളർഷിപ്പ് നൽകുന്നുണ്ട്.

ഡാൻസ് - ഭരതനാട്യം, ഡാൻസ് - മോഹിനിയാട്ടം, സംഗീതം എന്നിവ മുഖ്യവിഷയമായ പ്രോഗ്രാമുകൾക്ക് അഭിരുചി നിർണ്ണയ പരീക്ഷയുടെ കൂടി അടിസ്ഥാനത്തിലായിരിക്കും പ്രവേശനം നൽകുന്നത്. നാലുവർഷ (FYUGP) ബിരുദ പ്രോഗ്രാമുകളുടെ പ്രവേശനത്തിനുള്ള ഉയർന്ന പ്രായപരിധി General/SEBC വിദ്യാർത്ഥികൾക്ക് 2024 ജനുവരി 1-ന് 23 വയസും , SC/ST വിദ്യാർത്ഥികൾക്ക് 25 വയസുമാണ് .

പ്ലസ് ടു/വൊക്കേഷണൽ ഹയർ സെക്കന്ററി അഥവാ തത്തുല്യ അംഗീകൃത യോഗ്യതയുള്ളവർക്ക് മേൽ പറഞ്ഞ പ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കാവുന്നതാണ്. FYUG പ്രോഗ്രാമുകൾക്ക് Lateral entry അനുവദനീയമാണ്. മറ്റൊരു യു ജി പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കിയിട്ടുള്ളവർക്കും സർവകലാശാല നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ FYUG പ്രോഗ്രാമുകളിലേക്ക് സർവകലാശാലയുടെ അംഗീകാരത്തോടെ അപേക്ഷിക്കാവുന്നതാണ്. അപേക്ഷ ഫീസ് General / SEBC അപേക്ഷകർക്ക് Rs. 50/- (ഓരോ പ്രോഗ്രാമിനും ), SC/ST - Rs. 25/- (ഓരോ പ്രോഗ്രാമിനും ).

താല്പര്യമുള്ള വിദ്യാർഥികൾ സർവകലാശാല വെബ്സൈറ്റ് (www.ssus.ac.in/https://ugadmission.ssus.ac.in )മുഖേന അപേക്ഷ സമർപ്പിക്കേണ്ടതാണ്. പ്രോസ്പെക്ടസ് www.ssus.ac.in / https://ugadmission.ssus.ac.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്. അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ട അവസാന തീയതി 07.06.2024 ,5:00 PM.

അപേക്ഷകളുടെ ഹാർഡ് കോപ്പി സർവകലാശാലക്ക് അയക്കേണ്ടതില്ല.

പ്രോഗ്രാം സംബന്ധിച്ച വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റ് (www.ssus.ac.in/ https://ugadmission.ssus.ac.in ) ൽ ലഭ്യമാണ്. പ്രോഗ്രാമിന്റെ ഉള്ളടക്കത്തിൽ മാറ്റം വരുത്തുന്നതിനുള്ള അധികാരം സർവകലാശാലയ്ക്കുണ്ടായിരിക്കുന്നതാണ്.

**ഒപ്പ്**
**ഡോ. സുനിത ഗോപാലകൃഷ്ണൻ**
**പ്രൊഫസർ ഇൻചാർജ് ഓഫ് രജിസ്ട്രാർ**
രജിസ്ട്രാർ